# വിദ്യാർത്ഥികളും മൊബൈലും

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് ശേഷം നമ്മുടെ രാജ്യത്തിന്റെ നവോത്ഥാനത്തിന് ഒരു വലിയപങ്കു വഹിച്ചത് ഇലക്ട്രോണിക്ക് മാധ്യമങ്ങളാണ്. ആദ്യമായി *"Radio"* ഇന്ത്യൻ നഗരങ്ങളിൽ മുഴങ്ങിയപ്പോൾ ഇന്ത്യയുടെ യുവതരംഗം ഇരുകൈകളും നീട്ടി അവ സ്വീകരിച്ചു. അക്കാലത്തെ ദൈവമക്കളുടെ ഭവനങ്ങളിൽ നമ്മുടെ വരും തലമുറയുടെ ഭാവി എന്തായിത്തീരും എന്ന് തെല്ലോരുഭയം ഉണ്ടായി. അവിടവിടെയായ് ചിലമൂല്യച്യുതികൾ സംഭവിച്ചു എങ്കിലും ദൈവഭക്തരുടെ അവസരോചിതമായ ഇടപെടലും അന്നത്തെ സഭാനേതൃത്വത്തിന്റ യുവതലമുറയോടുള്ള സമീപനവും നല്ലൊരുപങ്കു യൗവ്വനക്കാരെ കർത്താവിനായ് ഉപയോഗിക്കുവാൻ ഇടയാക്കി. എന്നാൽ വളരെ പെട്ടന്നാണ് *"Radio"* തരംഗത്തിന്റെ മറനീക്കി ടെലിവിഷൻ രംഗപ്രവേശനം ചെയ്തത്. ടെലിവിഷന്റെ വിപ്ളവകരമായ വളർച്ച ***"വീടൊന്നിന് ഒരു ടിവി"*** എന്നകണക്കിലാക്കി. എന്നാലിതിന്റെ ദുരുപയോഗം നമ്മുടെ ആത്മീയ ഗോളത്തെ വല്ലാതെ ഉലച്ചു എന്നതിൽ രണ്ടഭിപ്രായമില്ല. ആ ഭയത്തിൽ നിന്ന് മുക്തി നേടുവാൻ ഇപ്പോഴും കഴിയാതിരിക്കുമ്പോഴാണ് വളരെ തന്ത്രപരമായി മറ്റൊന്ന് രംഗത്തെത്തുന്നത്. *"Mobile"!!.*

ആശയവിനിമയരംഗത്തെ ഏറ്റവും മികച്ച മാധ്യമം തന്നെയാണ് മൊബൈൽ. വാർത്തകൾ അതിവേഗവും ചുരുക്കമായും അറിയിക്കുക എന്ന ഉപയോഗത്തിൽ നിന്നും, പാട്ടുകൾ സമാഹരിച്ച് കേൾക്കുവാനും ചിത്രങ്ങൾ ആവശ്യാനുസരണം എടുക്കുവാനും കാണുവാനും, എന്തിനേറെ ടിവി പ്രോഗ്രാം പോലും കാണുവാൻ കഴിയുന്ന മൊബൈലുകൾ ഇന്നുണ്ട്. എല്ലാസൗകര്യവുമുള്ള ചൈനീസ് സെറ്റുകൾ ഏറ്റവും വിലക്കുറവിൽ ലഭ്യമായതിനാൽ ഏതുതരക്കാരും ഇവസ്വന്തമാക്കുവാൻ ഇഷ്ടപ്പെടും. ഇന്നത്തെ തലമുറയെ ഏറ്റവുമധികം ആകർഷിച്ചിട്ടുള്ള മാധ്യമം മൊബൈൽ ഫോൺ തന്നെയാണ്. മുൻപറഞ്ഞ മാധ്യമങ്ങൾ ഒന്നും അതിൽ തന്നെ പാപമല്ല. എന്നാൽ അവയുടെ ദുരുപയോഗവും, അവയോടുള്ള അമിതാസക്തിയും ഒരു ദൈവപൈതലിന്റെ ആത്മീയ നിലവാരം തകർക്കുക തന്നെ ചെയ്യും.

### *അമിതമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്ന വിദ്യാർത്ഥികളിൽ കണ്ടുവരുന്നപ്രശ്നങ്ങൾ*

- പഠനത്തിൽ ശ്രദ്ധക്കുറവ്.
- ഏകാന്തത ഇഷ്ടപെടുക.
- ഇടുങ്ങിയ ചിന്താഗതി.
- മറവികൂടുക.
- ഉറക്കമില്ലായ്മ.
- ദിനചര്യകളിൽ ശ്രദ്ധകുറയുക.
- ലക്ഷ്യമില്ലാത്ത ജീവിത രീതികൾ.
- ജീവിത യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുവാനുള്ള ഭയം.
- ഏതുകാര്യത്തിനും കൂട്ടുകാരെ ആശ്രയിക്കുക.
- പ്രതീക്ഷിച്ച call വരാതിരിക്കുമ്പോൾ നിരാശ,ഉത്കണ്ഠ,വ്യാകുലത,ദേഷ്യം.
- ഭക്ഷണത്തോടു താത്പര്യക്കുറവ്.
- മാതാപിതാക്കളെ അനുസരിക്കാതെ വരിക, അവരിൽനിന്ന് അകലുക.
- സ്വകാര്യത ഇഷ്ടപ്പെടുക, എല്ലാം സസ്പെൻസായി സൂക്ഷിക്കുക.

### ആത്മീക സ്ഥിതിയിലുണ്ടാകുന്ന വ്യതിയാനങ്ങൾ

- ദൈവീക കാര്യങ്ങളിൽ താത്പര്യം കുറയുക.
- സഭായോഗങ്ങളിൽ അകാരണമായി സംബന്ധിക്കാതിരിക്കുക.

- അനാത്മീയമായ ബന്ധങ്ങൾ വർദ്ധിക്കുക.(സദൃശവാക്യങ്ങൾ 18:24 വളരെ സ്നേഹിതന്മാരുള്ള മനുഷ്യന് നാശം വരും)
- ഭവനത്തിലെ സഹോദര്യ ബന്ധങ്ങൾ അന്യമായ് കാണുക.
- പരസ്യമായ നുണപറച്ചിൽ.
- ജീവിതത്തിലെ പലനിർണ്ണായക തീരുമാനങ്ങളിലും കൂട്ടുകാരുടെ അമിത സ്വാധീനം.

(മുൻപറഞ്ഞവയെല്ലാം ഒറ്റദിവസം കൊണ്ടുണ്ടാകുന്നവയല്ല)

**മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത്**

1. മക്കൾ ഉപയോഗിക്കുന്ന മൊബൈൽഫോൺ നാമും ഉപയോഗിക്കുവാൻ അറിഞ്ഞിരിക്കണം.
2. സംശയം തോന്നുന്ന അവസരങ്ങളിൽ "outgoing" "incoming" calls പരിശോധിക്കുന്നത് നന്ന്.
3. അപൂർണ്ണമായ പേരുകൾ ഫോൺ ബുക്കിലുണ്ടെങ്കിൽ ശ്രദ്ധിക്കുക.
4. വളരെ നേരം ഒരു കാൾ തന്നെ സ്വീകരിക്കുന്ന കുട്ടിയുടെ "ആ" സുഹൃത്ത് ആരാണെന്ന് കണ്ടെത്തുക.
5. തുടർച്ചയായ് വരുന്ന "miss calls" ശ്രദ്ധിക്കുക.
6. കുട്ടികൾ ഫോണിൽ സംസാരിക്കുമ്പോൾ അവരിലെ മുഖഭാവം, ചേഷ്ടകൾ ഇവ അസാധാരണമാണെങ്കിൽ ശ്രദ്ധിക്കുക.
7. ഫോൺ വരുമ്പേൾ മറ്റുള്ളവർക്ക് ശല്ല്യമാകാതിരിക്കുവാൻ മാറിനിന്ന് അറ്റന്റ് ചെയ്യാറുണ്ട്. എന്നാൽ ചില കോളുകൾ മാത്രം ദൂരെ മാറിനിന്ന് അറ്റന്റ് ചെയ്യുകയും മുതിർന്നവരെത്തുമ്പോൾ കട്ട് ചെയ്യുകയും ചെയ്താൽ ശ്രദ്ധിക്കുക.
8. കൂട്ടുകാരുടെ കാൾ നാം അറ്റന്റ് ചെയ്താൽ മുഷിയുന്ന മക്കളെ ശ്രദ്ധിക്കുക തന്നെ വേണം.

മുൻപറഞ്ഞവ പൊലീസ് മുറയിൽ നടപ്പാക്കേണ്ടവയല്ല. വളരെ വിവേകത്തോടും പ്രാർത്ഥനയോടും ചെയ്യേണ്ടവയാണ്. കുട്ടികളെ സംശയത്തോടെ സമീപിക്കുകയോ അവർക്കു നാം ഒരു **"CBI"** ആണെന്നു തോന്നുകയോ അരുത്.

നമ്മുടെ മുതിർന്ന മക്കൾക്ക് ദൂരയാത്രകളിൽ മൊബൈൽഫോൺ വളരെ ആശ്വാസവും മാതാപിതാക്കളുടെ ഇടക്കിടെയുള്ള വിളി ധൈര്യവും നല്കാറുണ്ട്. അസമയത്തുള്ള യാത്രകളിലും, വഴിയറിയാതെ ബുദ്ധിമുട്ടുമ്പോഴും ഇവ ഉപകരിക്കാറുണ്ട്. പഠനവിഷയങ്ങളിലെ സംശയങ്ങൾ മറ്റുകൂട്ടുകാരുമായ് എത്ര ദൂരെയാണെങ്കിലും ചർച്ചചെയ്യുന്നതിന് ഇവ സഹായകമാകാറുണ്ട്. ഇങ്ങനെ മൊബൈൽഫോൺ പലരീതിയിൽ ഉപകരിക്കാറുണ്ടെങ്കിലും പതിയിരിക്കുന്ന അപകടങ്ങളേറെയാണ്. +2 തലം വരെ കുട്ടികൾ മൊബൈലുപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുക. "കേരളത്തിലെ സ്കൂളുകളിൽ വിദ്യാർത്ഥികൾ മൊബൈൽ ഫോൺ കൊണ്ടുപോകരുതെന്ന കർശന നിയമം വന്നുകഴിഞ്ഞു" (കേരളാ വിദ്യാഭ്യാസ വകുപ്പ് 2005ലെ നിയമം). കേരളത്തിലെ വർദ്ധിച്ചുവരുന്ന ആത്മഹത്യകളിൽ മൊബൈൽഫോണിന്റെ പങ്ക് വലുതാണ്.

സഭായോഗങ്ങൾ നടക്കുമ്പോൾ മൊബൈൽ റിങ്ങ്ചെയ്യാതെ സൈലന്റ് മോഡിൽ ഇടുന്നത് നന്ന്. സഭായോഗങ്ങളിൽ കുട്ടികൾ ശല്ല്യമുണ്ടാക്കാതിരിക്കുവാൻ ചിലമാതാപിതാക്കൾ മൊബൈൽഫോൺ നല്കാറുണ്ട്. ഗെയിമുകൾ കളിച്ചിരിക്കട്ടെ എന്ന് വിചാരിച്ച്! അതൊട്ടുംനന്നല്ല. സിനിമാ പാട്ടുകളുടെ കോളർ ട്യൂണുകൾ നാം ആവശ്യപ്പെടാതെ തന്നെ മൊബൈൽ കമ്പനികൾ ഫ്രീയായ് ഒരാഴ്ചത്തേക്ക് നല്കാറുണ്ട്. ഇക്കാര്യം മൊബൈൽ കമ്പനിയിൽ വിളിച്ചുപറഞ്ഞാൽ ഒഴിവാക്കാവുന്നതേയുള്ളൂ!! വളർന്നുവരുന്ന തലമുറയുടെ ശ്രദ്ധ ദൈവീക കാര്യങ്ങളിൽ നിന്നും തിരിച്ചുകളയുന്ന ഇത്തരം അപകടങ്ങൾ മനസിലാക്കി, വേർപെട്ട ദൈവജനമായ നമുക്കുണരാം ദൈവം അതിനായ് നമ്മെ സഹായിക്കട്ടെ.

ബെൻസിക്ക് മിരാന്റാ.
തിരുവനന്തപുരം.